**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2666** **13-02-2024 - ൽ മറുപടിയ്ക്ക്**

**കിനാലൂരിൽ കെ.എസ്.ഐ.ഡി.സി-യ്ക്ക് അനുവദിച്ച ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കിനാലൂരിൽ കെ.എസ്.ഐ.ഡി.സി-യുടെ ഉടമസ്ഥതയിൽ എത്ര ഏക്കർ ഭൂമിയാണ് ഉണ്ടായിരുന്നത്; വ്യവസായ ആവശ്യങ്ങൾക്ക് പുറമെ വിവിധ സർക്കാരുകളുടെ കാലത്ത് എത്ര ഭൂമിയാണ് മറ്റ് സ്ഥാപനങ്ങൾക്കായി നൽകിയിട്ടുള്ളത്; ഓരോ സ്ഥാപനങ്ങൾക്കും നൽകിയ ഭൂമിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കിനാലൂരിൽ കെ.എസ്.ഐ.ഡി.സി-യുടെ ഉടമസ്ഥതയിൽ 310.71 ഏക്കർ ഭൂമിയാണ് ഉണ്ടായിരുന്നത്. സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ ആവശ്യങ്ങൾക്കായി ഇതിൽ 156.58 ഏക്കർ ഭൂമി റവന്യൂ വകുപ്പിന് വിട്ടുനല്കി. കൂടാതെ 25 ഏക്കർ ഭൂമി പാട്ട വ്യവസ്ഥയിലും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) ഉഷ സ്കൂൾ ഓഫ് അത്ലറ്റിക്സ്-25 ഏക്കർ (പാട്ട വ്യവസ്ഥ)<br><br>2) റവന്യൂ വകുപ്പിന് (Dr. B. R. Ambedkar Memorial Govt. College)-5 ഏക്കർ<br><br>3) റവന്യൂ വകുപ്പിന് (എയിംസ്)-151.58 ഏക്കർ |
| (ബി) | കിനാലൂരിൽ കെ.എസ്.ഐ.ഡി.സി-യിൽ നിലവിൽ എത്ര വ്യവസായ സ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വരുന്നത്; ഈ സ്ഥാപനങ്ങൾക്ക് വ്യവസായ ആവശ്യങ്ങൾക്കായി എത്ര ഭൂമിയാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | കിനാലൂരിൽ കെ.എസ്.ഐ.ഡി.സി-യിൽ നിലവിൽ 94 വ്യവസായ സ്ഥാപങ്ങൾക്ക് ഭൂമി/ബിൽഡിംഗ് സ്പേസ് നൽകിയിട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്ക് വ്യാവസായിക ആവശ്യങ്ങൾക്കായി 88.49 ഏക്കർ ഭൂമിയാണ് അനുവദിച്ചിട്ടുള്ളത്. |
| (സി) | വ്യവസായം ആരംഭിക്കാൻ കഴിയുന്ന എത്ര ഏക്കർ ഭൂമി നിലവിൽ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി-യുടെ കൈവശമുണ്ട്; വ്യക്തമാക്കാമോ? | (സി) | വ്യവസായം ആരംഭിക്കാൻ കഴിയുന്ന 9.01 ഏക്കർ ഭൂമി നിലവിൽ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി-യുടെ കൈവശമുണ്ട്. ഇതിൽ 1.87 ഏക്കർ ഭൂമി അനുവദിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ